പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 2239.                11.02.2020 ൽ മറുപടിയ്ക്ക്

## നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള പണം

ചോദ്യം

ശ്രീ.പാറക്കൽ അബ്ദുല്ല

ഉത്തരം

ശ്രീ. പി. തിലോത്തമൻ

(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെല്ല് സംഭരിച്ച വകയിൽ സർക്കാർ കർഷകർക്ക് പണം നൽകാത്ത സാഹചര്യമുണ്ടോ; ഈ ഇനത്തിൽ 1460 കോടി രൂപ സർക്കാർ നൽകാനുണ്ടോ; | (എ) | 2018- 19 സീസണിൽ നെല്ല് സംഭരിച്ച വകയിൽ പി.ആർ.എസ് വായ്പ പദ്ധതിയിനത്തിലും ഡയറക്ട് പേയ്മെൻറ് ഇനത്തിലുമായി കർഷകർക്ക് നെല്ലിൻറെ വിലയായി 1755.34 കോടി രൂപ പൂർണ്ണമായും നൽകി കഴിഞ്ഞിട്ടുണ്ട്. പി.ആർ.എസ് വായ്പയുടെ തിരിച്ചടവായി 1341.58 കോടി രൂപയാണ് ഇനിയും ബാങ്കുകൾക്ക് നൽകുവാനുള്ളത്. |
| (ബി) | സപ്ലൈകോ തിരിച്ചടക്കുമെന്ന വ്യവസ്ഥയിൽ ബാങ്കുകൾ ഇത്രയും തുക ആറ് മാസത്തെ വായ്പയായി കർഷകർക്ക് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | നൽകിയിട്ടുണ്ട്. |
| (സി) | തിരിച്ചടവ് മുടങ്ങിയതോടെ ഒരു ലക്ഷം കർഷകരെങ്കിലും കടക്കെണിയിലും പുതിയ വായ്പ കിട്ടാത്ത സ്ഥിതിയിലുമായിട്ടുണ്ടോ; | (സി) | പി.ആർ.എസ് വായ്പയുടെ തിരിച്ചടവിനത്തിൽ നാളിതുവരെ 371.24 കോടി രൂപ നൽകി കഴിഞ്ഞിട്ടുണ്ട്. ബാക്കി തുകയായ 1341.58 കോടി രൂപ 31 മാർച്ച് 2020 ന് മുമ്പായി കേന്ദ്ര വിഹിതം ലഭ്യമാക്കി പൂർണ്ണമായും തിരിച്ചടവാക്കുന്നതിന് നടപടി സ്വീകരിച്ച് പുതിയ വായ്പ കർഷകർക്ക് ലഭ്യമാക്കാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | വായ്പ പുതുക്കി നൽകാനാവില്ലെന്ന് റിസർവ് ബാങ്ക് അറിയിച്ചിട്ടുണ്ടോ; | (ഡി) | വായ്പ കാലാവധി പുതുക്കി നൽകാനാവില്ല എന്ന് റിസർവ് ബാങ്ക് അറിയിച്ചിരുന്നു. എന്നാൽ 22.01.2020 ൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് |

| | | | |
|---|---|---|---|
| | എങ്കിൽ ഈ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ? | | മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രിയുടെയും SLBC അധികൃതരുടെയും സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ 31 മാർച്ച് 2020 നുള്ളിൽ ബാങ്കുകൾക്ക് നൽകുവാനുള്ള പി.ആർ.എസ് ലോൺ കുടിശ്ശിക കേന്ദ്ര ഫണ്ട് ലഭ്യമാക്കി തിരിച്ചടയ്ക്കുന്നതിനും കൂടാതെ RBI യുടെ അനുമതിയ്ക്ക് വിധേയമായി 31.03.2020 വരെ നിലനിൽക്കുന്ന മോറട്ടോറിയം കാലാവധി പി.ആർ.എസ് വായ്പയ്ക്കുകൂടി ബാധകമാക്കുന്നതിനും NPA യിൽ നിന്നും കർഷകരെ ഒഴിവാക്കി പി.ആർ.എസ് സ്വീകരിക്കുവാനും തുടർവായ്പ നൽകുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**